(ഡി) ആശുപത്രിയിലെ ജലക്ഷാമം പരിഗണിച്ച് ജലവിതരണം കാര്യക്ഷമമാക്കാൻ വേണ്ട നടപടികളെടുക്കുമോ ?

ഉത്തരം

(എ) അൻപത് സെൻറ് സ്ഥലം കുന്നുംകുളം ആശുപത്രി കാമ്പൗണ്ടിൽ നിന്നും കുന്നംകുളം മുൻസിപ്പാലിറ്റിക്ക് വിട്ടുകൊടുക്കുകയാണെങ്കിൽ ഇരുപത്തി അഞ്ചു ലക്ഷം രൂപയ്ക്കകം ചെലവു വരുന്ന നൂറു കിടക്കകളുള്ള ഒരു വാർഡ് കെട്ടിത്താമെന്ന് കുന്നുംകുളം മുൻസിപ്പാലിറ്റി ഏറ്റിട്ടുണ്ട്. ആയത് ഗവൺമെൻറിൻെറ പരിഗണനയിൽ ആണ്.

കുന്നുംകുളം ആശുപത്രിയുടെ ശാബ്ദി ആഘോഷം 1988-ൽ ആണ്.

(ബി) ഇപ്പോഴത്തെ ആശുപത്രിയിലുള്ള മുഴുവൻ ഒഴിവുകളും നികത്തുന്നതിന് ജില്ലാ മെഡിക്കൽ ആഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) എക്സ്റേ പ്ലാൻറ് ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. ഇക്കാര്യത്തിൽ പ്രശ്നങ്ങളൊന്നും ഇല്ല.

(ഡി) ജലവിതരണം സാധാരണ ഗതിയിൽ നടക്കുന്നുണ്ട്. ഇക്കാര്യത്തിൽ പ്രശ്നങ്ങളൊന്നും ഇല്ല.

സീതത്തോട് ഗവൺമെൻറ് ഡിസ്പെൻസറി

57 [75] ശ്രീമതി റേച്ചൽ സണ്ണി പനവേലി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

പത്തനംതിട്ട ജില്ലയിൽപ്പെട്ട സീതത്തോട് ഗവൺമെൻറ് ഡിസ്പെൻസറിയിൽ മെഡിക്കൽ ആഫീസർമാരുടെയും സ്റ്റാഫ് നേഴ്സിൻെറയും തസ്തികകൾ ഒഴിഞ്ഞു കിടക്കുന്ന കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

സീതത്തോട് ഗവൺമെൻറ് ഡിസ്പെൻസറിയിൽ ഒരു മെഡിക്കൽ ആഫീസറുടെ തസ്തിക മാത്രമേ ഒഴിവുള്ളു. 1-9-1986-ലെ ഉത്തരവിൻ പ്രകാരം കുന്നത്തുകാൽ പ്രൈമറി ഹെൽത്ത് സെൻററിൽനിന്നും ഡോക്ടർ മൊയ്തീൻഖാനെ സീതത്തോട് ഡിസ്പെൻസറിയിലേക്ക് സ്ഥലം മാറ്റി നിയമിച്ചു. എന്നാൽ ടി ഡോക്ടർ അവധിയിൽ പ്രവേശിച്ചതായി അറിയുന്നു. അവധിയിൽ പ്രവേശിച്ച ഡോക്ടറോട് ഉടനെ ജോലിയിൽ പ്രവേശിക്കാൻ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

കക്കാട് ഡിസ്പെൻസറി

58 [76] ശ്രീമതി റേച്ചൽ സണ്ണി പനവേലിൽ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കക്കാട് വൈദ്യുതി പ്രോജക്ടിൽ ജോലി ചെയ്യുന്നവർക്ക് ചികിൽസാ സൗകര്യം മെച്ചപ്പെടുത്തുന്നതിന് കക്കാട് വൈദ്യുത പ്രോജക്ടിലെ ഡിസ്പെൻസറി അപ്ഗ്രേഡ് ചെയ്തു ആശുപത്രിയാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

കക്കാട് വൈദ്യുത പ്രോജക്ടിലെ ഗവൺമെൻറ് ഡിസ്പെൻസറി ആശുപത്രിയായി ഉയർത്തുന്നതിൻെറ ആവശ്യകതയും, സൗകര്യങ്ങളും വിശദമായി പരിശോധിച്ച് ആവശ്യമെന്നു കണ്ടാൽ ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. ഇതേപ്പറ്റിയുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly